## ശബരിമല/മാളികപ്പുറം ദേവസ്വത്തിൽ മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതുമായി

## ബന്ധപ്പെട്ട നിബന്ധനകൾ

1. അപേക്ഷകൻ കേരളത്തിൽ ജനിച്ചയാളും, കേരളീയ ആചാരപ്രകാരം പൂജ/ താന്ത്രിക കർമ്മങ്ങൾ അഭ്യസിച്ചിട്ടുള്ളയാളും, മലയാള ബ്രാഹ്മണനുമായിരിക്കണം.

2. അപേക്ഷകന് 1199 ചിങ്ങമാസം ഒന്നാം തീയതി മുപ്പത്തി അഞ്ച് വയസ്സ് പൂർത്തീകരിച്ചിരിക്കേണ്ടതും കാലാവധി പൂർത്തിയാകുന്ന തുലാം 30 ന് അറുപത് വയസ്സ് കവിയാൻ പാടില്ലാത്തതുമാണ്.

3. അപേക്ഷകൻ എസ്.എസ്. എൽ.സി യോ തത്തുല്യ പരീക്ഷയോ പാസായിരിക്കണം.

4. രണ്ട് നേരം നട തുറന്നിരിക്കുന്നതും മൂന്നു പൂജകളുള്ളതും എല്ലാ ദിവസവും പൊതുജനങ്ങൾക്ക് ദർശനത്തിന് അവസരം നല്കുന്നതുമായ ക്ഷേത്രത്തിലോ/ ക്ഷേത്രങ്ങളിലോ ആകെ പന്ത്രണ്ട് വർഷങ്ങളിൽ, പത്ത് വർഷങ്ങളിൽ തുടർച്ചയായി മേൽശാന്തി സേവനം നടത്തിയിട്ടുള്ള വ്യക്തിയായിരിക്കണം.അപേക്ഷകൻ ബന്ധുക്കളുടെ ശവസംസ്ക്കാര ക്രിയകൾ പോലുള്ള കാര്യങ്ങൾക്കായി താൽക്കാലികമായി ശാന്തി ജോലിയിൽ നിന്നും വിട്ട് നില്ക്കേണ്ടി വരുന്ന കാലയളവ്, സ്ഥലം മാറ്റത്തെയോ പുതിയനിയമനത്തെയോ തുടർന്ന് സർവീസിൽ ഉണ്ടാകുന്ന താൽക്കാലിക വിരാമം, ഏതെങ്കിലും തന്ത്രിയോടൊപ്പമുള്ള പരിശീലന കാലയളവിലെ പരമാവധി മൂന്ന് മാസം, എന്നിവ തുടർച്ചയായ സർവീസ് കണക്കാക്കുമ്പോൾ വിട്ടു നിന്ന കാലമായി കണക്കാക്കുന്നതല്ല. കൂടാതെ രണ്ട് മേൽശാന്തിമാർ മാസം മാറാടി വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ക്ഷേത്രങ്ങളിൽ കീഴ്ശാന്തിയായി ജോലി നോക്കേണ്ടതായി വന്നേക്കാവുന്ന കാലയളവും പ്രസ്തുത പത്ത് വർഷം കണക്കാക്കുന്നതിന് പരിഗണിക്കുന്നതാണ്.

5. അപേക്ഷകൻ സമൂഹത്തിൽ നല്ല ശാന്തിക്കാരൻ എന്ന നിലയിൽ അംഗീകാരമുള്ള വ്യക്തിയായിരിക്കേണ്ടതും,ദുസ്സ്വഭാവമുള്ള വ്യക്തി ആയിരിക്കാൻ പാടില്ലാത്തതുമാണ്.

6. അപേക്ഷകൻ ഏതെങ്കിലും ക്രിമിനൽ കേസ്സിൽ പ്രതി ചേർത്തിട്ടുള്ള ആളായിരിക്കുവാൻ പാടുള്ളതല്ല.

7. ശബരിമല ദേവസ്വത്തിലോ മാളികപ്പുറം ദേവസ്വത്തിലോ മേൽശാന്തിയായി ജോലി ചെയ്തിരുന്നവർ, ആ രണ്ട് ക്ഷേത്രങ്ങളിൽ എവിടെയെങ്കിലും വീണ്ടും അപേക്ഷ സമർപ്പിക്കുന്നതിന് അപ്രകാരമുള്ള സേവനം കഴിഞ്ഞ് പത്ത് വർഷം പൂർത്തീകരിച്ചിരിക്കേണ്ടതാണ്.

8. അപേക്ഷകൻ അംഗവൈകല്യം ഉള്ളയാളോ, ഗുരുതരമായ അസുഖങ്ങൾക്ക് ചികിത്സ തേടിയിട്ടുള്ളയാളോ, നിലവിൽ ഗുരുതരമായ അസുഖങ്ങൾ ഉള്ളയാളോ ആകുവാൻ പാടില്ല.

